**പതിനാലാം കേരള നിയമസഭ**
ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1258** — **30.01.2018-ന് മറുപടിയ്ക്ക്**

# സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കൽ പദ്ധതിയിൽ എലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ടു നടന്ന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ; | (എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത കുറവത്തൂർ പായമ്പ്ര ഗവ.ഹയർ സെക്കന്ററി സ്കൂളിന് വേണ്ടി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് സർക്കാർ ഭരണാനുമതി നൽകുകയും അപ്രകാരം പദ്ധതി നിർവ്വഹണത്തിനായി 5 കോടി (അഞ്ചുകോടി) രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ഈ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) 2019 വർഷത്തിൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ